**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 887** **18-09-2025 - ൽ മറുപടിയ്ക്ക്**

**ചാലക്കുടി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത നഗറുകൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് അറിയിക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ചാലക്കുടി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2016-17 വർഷത്തിൽ പുലിപ്പാറക്കുന്ന്, കുറ്റിച്ചിറ വെസ്റ്റ്, കലിക്കൽക്കുന്ന്, കാഞ്ഞിരപ്പിള്ളി എന്നീ നഗറുകളെയും 2019-20 ൽ കുറ്റിച്ചിറ ഈസ്റ്റ് നഗറും, 2020-21 ൽ ത്രിപ്പാപ്പിള്ളി നഗറും 2021-22 ൽ വി.ആർ.പുരം നഗറും 2022-23 ൽ ചുവക്കാട്ടുകുന്ന് നഗറും 2023-24 ൽ വൈലാത്ര, ചൂർക്കമറ്റം എന്നീ നഗറുകളേയും തെരഞ്ഞെടുത്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത നഗറുകളിലെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദീകരിക്കാമോ; | (ബി) | കലിക്കൽക്കുന്ന് നഗറിൽ പദ്ധതി പൂർത്തീകരിച്ച ഫൈനൽ ബിൽ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാഞ്ഞിരപ്പിള്ളി, പുലിപ്പാറക്കുന്ന്, കുറ്റിച്ചിറ വെസ്റ്റ് എന്നീ ഗ്രാമങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കുറ്റിച്ചിറ ഈസ്റ്റ് ഗ്രാമത്തിന്റെ ഫൈനൽ ബിൽ അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ത്രിപ്പാപ്പിള്ളി ഗ്രാമത്തിന്റെ ഏജൻസിയെ മാറ്റുന്നതിനുള്ള ശിപാർശയിന്മേൽ നടപടി സ്വീകരിച്ചു വരുന്നു. വി.ആർ.പുരം ഗ്രാമത്തിലെ 36 വീടുകളുടെ വാട്ടർപ്രൂഫിങ് പൂർത്തീകരിച്ചു. ശേഷിക്കുന്ന പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ചുവക്കാട്ടുകുന്ന് ഗ്രാമത്തിന്റെ മോണിറ്ററിംഗ് കമ്മിറ്റി എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ചൂർക്കമറ്റം ഗ്രാമത്തിൽ 33 വീടുകൾ വാട്ടർപ്രൂഫിങ് പ്ലാസ്റ്ററിംഗ് എന്നിവ പൂർത്തീകരിച്ചു. ആദ്യ പാർട്ട് ബില്ലും രണ്ടാം പാർട്ട് ബില്ലും അംഗീകരിച്ചു. വൈലാത്ര ഗ്രാമത്തിലെ മോണിറ്ററിംഗ് കമ്മിറ്റി ചേർന്നിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ